**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2377**

**12.02.2020- ൽ മറുപടിക്ക്.**

**സഹകരണ സംഘങ്ങൾക്ക് വ്യവസായം ആരംഭിക്കുന്നതിന് സർക്കാർ ഭൂമി ലഭ്യമാക്കുന്നതിന് നടപടി**

<u>ചോദ്യം</u>
ശ്രീമതി യു. പ്രതിഭ

**<u>മറുപടി</u>**
**ഇ. പി. ജയരാജൻ**
**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി).**

| ചോദ്യം | മറുപടി |
| --- | --- |
| (എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് വ്യവസായം ആരംഭിക്കുന്നതിന് സർക്കാർ വക ഭൂമി ലഭ്യമാക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) : സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് വ്യവസായം തുടങ്ങുന്നതിന് സർക്കാർ വക ഭൂമി ലഭ്യമാക്കുന്നതിനുള്ള പദ്ധതിയൊന്നും നിലവിലില്ല. അതേ സമയം വ്യവസായ സംരംഭകർ എന്ന നിലയ്ക്ക് സഹകരണ സംഘങ്ങൾക്ക് വ്യവസായ വികസന ഏരിയ/പ്ലോട്ട്/എസ്റ്റേറ്റുകളിൽ പൊതുവായ നിബന്ധനകളുടെ അടിസ്ഥാനത്തിലും ലഭ്യതയനുസരിച്ചും ഭൂമി അനുവദിക്കുന്നതിന് തടസ്സമില്ല. |
| (ബി) സഹകരണമേഖലയിൽ വ്യവസായ സംരംഭം ആരംഭിക്കുന്നവർക്ക് വ്യവസായ വകുപ്പ് എന്തെങ്കിലും പ്രോത്സാഹനമോ സഹായമോ നൽകിവരുന്നുണ്ടോ; ഇല്ലെങ്കിൽ ആലോചിക്കുമോ ; | (ബി) : സഹകരണമേഖലയിൽ വ്യവസായ സംരംഭം ആരംഭിക്കുന്നവർക്കുള്ള ധനസഹായ പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല. |
| (സി) വ്യക്തികൾക്കോ സ്വകാര്യസ്ഥാപനങ്ങൾക്കോ വ്യവസായം ആരംഭിക്കുന്നതിന് ഭൂമി നൽകുന്നതിലും സുരക്ഷിതമായി സർക്കാരിൽ തന്നെ പ്രസ്തുത ഭൂമി നിക്ഷിപ്തമായിരിക്കുന്നതിനാൽ സഹകരണ, വ്യവസായ വകുപ്പുകൾ തമ്മിൽ ഭൂമി കൈമാറുന്നതിന് സുതാര്യതയും വേഗതയും ഉണ്ടാകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ ? | (സി) : വ്യക്തികൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യവസായ ഭൂമി അനുവദിക്കുന്നത് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായാണ്. വ്യവസായ ആവശ്യത്തിനായി വ്യവസായ-സഹകരണ വകുപ്പുകൾ തമ്മിൽ ഭൂമി കൈമാറുന്ന രീതി നിലവിലില്ല. |

സെക്ഷൻ ഓഫീസർ.

ജക/07/02/20